# WOMEN IN THE BIBLE
# JEZEBEL

**(ഈസേബെൽ)**




സീദോന്യ രാജാവായ ഏത്ത്- ബാലിന്റെ മകളാണ് ഈസേബൽ എന്ന സ്ത്രീപിശാച്. ഏത്ത്ബാൽ എന്ന വാക്കിന്റെ അർത്ഥം ബാലിന്റെ മനുഷ്യൻ എന്നും ഈസേബെൽ എന്ന വാക്കിന് നിർമ്മലമായ അഥവാ ജഢിക ഇച്ഛകളിൽ നിന്ന് അകന്നത് എന്നുമാണ്.എന്നാൽ ഈ അർത്ഥം അവളുടെ ജീവിത്തിൽ വൈപരിത്യമുള്ളതായിട്ടാണ് കാണുന്നത്. ഇത്രമാത്രം ഹീനസ്വഭാവമുള്ളവളുടെ നാമം വെളിപ്പാടുപുസ്തകത്തിൽ സൂചിപ്പിച്ചിരിക്കുന്നത് സഭകൾക്ക് മുന്നറിയിപ്പ് നൽകുവാനാണ്. ഈസേബെല്യ സ്വഭാവക്കാർ സഭയിൽ പ്രവേശിക്കാതെ സുക്ഷിപ്പാനുള്ള മുന്നറിയിപ്പായിട്ടാണ് ഈ ദുഷിച്ചനാമം രേഖപ്പെടുത്തിയിരിക്കുന്നത്. ഈസേബെല്യ സ്വഭാവക്കാർ എങ്ങനെയുള്ളവർ എന്നറിയുവാൻ ആഹാബിന്റെ ഭാര്യയായിത്തീർന്ന ഈസേബെലിന്റെ സ്വഭാവം പഠിച്ചാൽ മതി.

(1). സ്വഭാവ ദൃഢതയുള്ളവൾ

സീദോന്യ രാജാവിന്റെ മകളായ ഈസേബെൽ സ്വഭാവ ദൃഢതയുള്ളവൾ ആയിരുന്നു. ഒരു കാര്യം നേടണമെന്ന് അവൾ ആഗ്രഹിച്ചാൽ അതിനായി ഏത് കുടിലതന്ത്രവും പ്രയോഗിച്ചിരുന്നു. ഒരു കാരണവശാലും ആ തീരുമാനം മാറ്റിയിരുന്നില്ല. സീദോനിൽ നിന്ന് പുറപ്പെടുമ്പോൾ തന്നെ രാജാവിന്റെ ഭാര്യാപദവിയെക്കാൾ അവൾ ആഗ്രഹിച്ചത് തന്റെ ആരാധനാ മൂർത്തികളുടെ ആവാസസ്ഥലമായി യിസ്രായേലിനെ മാറ്റണം എന്നായിരുന്നു. യിസ്രായേലിന്റെ ദൈവത്തെപ്പറ്റി കേട്ടറിവ് ലഭിച്ചവൾ സത്യാരാധനയോട് വെറുപ്പുള്ളവളായി. ഒരു കുടുംബം മാത്രമല്ല ഒരു ദേശം നശിപ്പിക്കുവാനും ഇതു പോലെയുള്ള ഒരു പിശാച് കയറിയാൽ മതി. ജീവനുള്ള ദൈവത്തെ ആരാധിച്ചവന് പറ്റിയ ജീവിത പരാജയത്തിനു കാരണം അവന്റെ ജീവിത പങ്കാളിയുടെ തെരഞ്ഞെടുപ്പ് തെറ്റിയതിനാലാണ് ഇന്നത്തെ യുവതലമുറയുടെ ഇടയിലും ജീവിതപങ്കാളിയുടെ തെരഞ്ഞെടുപ്പ് തെറ്റിക്കുന്നവർ ഏറെയാണ്, മാതാപിതാക്കൾ ആണ് ഇതിന് ഉത്തരവാദികൾ, സഭ ഇതിന് മുൻകൈ എടുക്കുക. അതിന് കഴിഞ്ഞില്ലെങ്കിൽ അത് നിങ്ങളിലുള്ള ഒരു കുറവായിട്ട് യഹോവ കാണും.

(2). ഭർത്താവിനെ ഭരിക്കുന്ന ഭാര്യ

സോരിലുള്ള ഒരു ക്ഷേത്രത്തിലെ പ്രധാന പൂജാരി ആയിരുന്നു ഈസേബെലിന്റെ പിതാവ്. ആ ദേശത്തെ രാജാവിനെ വധിച്ച് 32 വർഷം ആ രാജ്യം ഭരിച്ചു എന്ന് ചരിത്രകാരനായ ജോസീഫസ് രേഖപ്പെടുത്തിയിട്ടുണ്ട്. കൊലപാതക പ്രധാനമായതും, ശക്തമായ വിഗ്രഹാരാധനയുമായിരുന്നു അവന്റെ കാലത്ത് നടമാടിയത്. രാഷ്ട്രീയ നേട്ടങ്ങൾക്ക് ആഹാബിനെ ഭർത്താവാക്കി എങ്കിലും രാജ്യഭരണം അവളായിരുന്നു നടത്തിയിരുന്നത്. അവളെ എതിർക്കുന്നവർ പ്രവാചകന്മാരായാൽ പ്പോലും അവൾ വധിച്ചിരുന്നു. ബാലിന്റെ 850 പ്രവാചകന്മാരെ അവൾ യിസ്രായേലിൽ നിയമിച്ചു. ആഹാബിന്റെ കഴിവുകേടുമൂലം അവളുടെ ഒരു കളിപ്പാട്ടമായി അവൻ തീർന്നു. എന്നാൽ പുറമേ ശൂരത്വമുള്ള ഭർത്താവായി അഭിനയിച്ചു. ഇത് സത്യമെന്നതിന്റെ തെളിവാണ്, ദൈവം അയച്ച പ്രവാചകന്റെ വാക്കുകൾ. “ യഹോവയ്ക്ക് അനിഷ്ടമായുള്ളത് ചെയ്യുവാൻ തന്നെത്താൻ വിറ്റുകളഞ്ഞ ആഹാവിനെ പ്പോലെ ആരും ഉണ്ടായിട്ടില്ല. അവന്റെ ഭാര്യ അവനെ അതിനായി പ്രോത്സാഹിപ്പിക്കുന്നു.” (1 രാജ:21:25)

സദൃ: (2) ൽ തരുന്ന മുന്നറിയിപ്പ് ശ്രദ്ധിക്കുക. അത് സ്വീകരിക്കുന്ന ഒരു വ്യക്തി ദൈവത്തെ സന്തോഷിപ്പിക്കുന്നു. യഹോവഭക്തിയാൽ പരിജ്ഞാനവും, വിവേ

കവും പ്രാപിക്കുന്നവർ ദുഷ്ടന്റെ വഴിയിൽ നിന്നും വികടം പറയുന്നവരുടെ കൂട്ടത്തിൽ നിന്നും വിടുതൽ പ്രാപിക്കും. കൂടാതെ ചക്കരവാക്ക് പറഞ്ഞ് വലയ്ക്കുന്ന സ്ത്രീയുടെ പിടിയിൽ നിന്നും വിടുതൽ ലഭിക്കുകയും ചെയ്യുന്നു. അതിനാൽ യഹോവയിൽ ആശ്രയിച്ച് നമ്മെ ഭരിക്കുവാൻ ആഗ്രഹിക്കുന്ന ഈസേബെല്യ ശക്തികളുടെ കെണിയിൽ കുടുങ്ങാതെ രക്ഷപെടുന്നവരായി നമുക്ക് തീരാം.

(3). തീവ്ര വിഗ്രഹാരാധിക

ഭർത്താവിനെ അടക്കിവാണ് ബാലിന്റെ പ്രവാചകന്മാരുടെ പിൻബലത്തോടെ ജനത്തെ തെറ്റിദ്ധരിപ്പിച്ച രാജാവും രാജ്ഞിയും പാർക്കുന്നിടത്തു നിന്ന് " ഞാൻ പറഞ്ഞല്ലാതെ മഞ്ഞും മഴയും ഉണ്ടാക്കുകയില്ല" എന്ന യഹോവയുടെ വാക്ക് ഉച്ചരിപ്പാൻ ധൈര്യം കാട്ടിയവനാണ് പ്രാർത്ഥനാ മനുഷ്യനായ ഏലിയാവ്. (1രാജ: 17: 1,2). തുടർന്ന് ദേശത്തുണ്ടായ ക്ഷാമം തീവ്രവിഗ്രഹാരാധിയായ അവളെ ചൊടിപ്പിച്ചു, സത്യ ദൈവത്തെ അവൾ വെറുത്തതിനാൽ യഹോവയുടെ പ്രവാചകന്മാരുടെ ഘാതകിയായും അവൾ മാറി. യഹോവ കൈ നീട്ടേണ്ട സമയമായതിനാൽ യഹോവ പ്രവർത്തിച്ചു. സ്വർഗ്ഗത്തിൽ നിന്ന് തീയിറക്കി യാഗത്തിന് തീകൊളുത്തുന്നവനാണ് യഥാർത്ഥ ദൈവമെന്ന് യിസ്രായേൽ ജനത്തെക്കൊണ്ട് ഏലിയാവ് കർമ്മേലിൽ സമ്മതിപ്പിച്ചു. ബാലിന്റെ പ്രവാചകന്മാരുടെയും ആഹാബിന്റെയും മുൻപിൽ യഹോവ തീയിറക്കിയപ്പോൾ ജനം പിടിച്ചു നൽകിയ ബാലിന്റെ പ്രവാചകന്മാരെ ഏലിയാവ് വെട്ടിക്കൊന്നു കളഞ്ഞു. (1 രാജ: 18:40)

ദൈവത്തിന്റെ പ്രവാചകരെ ഈ സംഭവത്തിന്റെ പേരിൽ നശിപ്പിക്കുമെന്ന് പറഞ്ഞവൾക്ക് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. അവളുടെ വിഗ്രഹ ദൈവങ്ങൾക്ക് അവളുടെ പ്രവാചകന്മാരെ രക്ഷിപ്പാനോ, ഏലിയാവിനെ ശിക്ഷിപ്പാനോ കഴിയുകയില്ല. എന്നാൽ ഈ പൈശാചിക സ്ത്രീയുടെ വെല്ലുവിളി ഏലിയാവിനെ നിരാശനാക്കി മണലിൽ കിടത്തി, എന്നാൽ ദൈവം തട്ടിയുണർത്തി ആത്മീയാഹാരം നൽകി ബലവാനാക്കി.

(4). ചതിയുടെ ആൾരൂപം

" ദുഷ്ടന്മാരുടെ നിരുപണങ്ങളോ ചതിവത്രെ" സദൃ : (12:5)

ചതിയിൽ നാബോത്തിനെ കുടുക്കി തന്റെ ഭർത്താവാഗ്രഹിച്ച മുന്തിരിതോട്ടം കൈവശപ്പെടുത്തുവാൻ അവൾ തീരുമാനിച്ചു. ആത്മീകനെ നശിപ്പിക്കുവാൻ അവൾ ആത്മീക വേഷം കെട്ടി. ഇന്നും ആടുകളെ നശിപ്പിക്കുന്ന ഈ സ്വഭാവക്കാർ ധാരാളം നാട്ടിലുണ്ട്. അതുകൊണ്ടാണ് കർത്താവ് പറയുന്നത് ആകാത്ത വേലക്കാരെ

സൂക്ഷിക്കുക എന്ന്. തുയഥൈര സഭയ്ക്ക് നൽകിയ മുന്നറിയിപ്പ് ഇന്നത്തെ സഭയും ശ്രദ്ധിക്കേണ്ടതാണ്. വെളി (2:20)

ആഹാബിന്റെ ഭാര്യ തയാറാക്കിയ വ്യാജനിർദ്ദേശങ്ങൾ അംഗീകരിച്ച മൂപ്പൻമാരും കുട്ടരും ഉപവാസം പ്രസിദ്ധം ചെയ്ത് കെണി ഒരുക്കി നാബോത്തിനെ പ്രധാന സ്ഥാനത്തിരുത്തി. രാജാവിനെയും ദൈവത്തെയും നിന്ദിച്ചു എന്ന കള്ള സാക്ഷിക ളുടെ വാക്കിന് പുറത്ത് നിരപരാധിയെ കല്ലെറിഞ്ഞ് കൊന്നു. ഹാവൂ...... നിന്റെ ന്യായവിധി ഉടൻ ഉണ്ട്. ചതിവുചെയ്യുന്നവർക്ക് ഇത് ഒരു പാഠമാകട്ടെ.

(5). ആകാത്തവൃക്ഷം

ആകാത്തവൃക്ഷം ആകാത്തഫലമേ പുറപ്പെടുവിയ്ക്കു എന്ന് ഈ സ്ത്രീയുടെ ജീവിതം തെളിയിച്ചിട്ടുണ്ട്. ദുഷ്ടത പ്രവർത്തിക്കുന്ന വ്യക്തിയോ, കുടുംബമോ, ദേശമോ നിലനിലക്കുകയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷം തീയിൽ ഇട്ട് ചുട്ടുക ളയും, ഇവൾ പ്രവാചകി എന്ന് നടിക്കുക മാത്രമല്ല, പാപ പ്രവർത്തിയുടെ ഈറ്റില്ലമാ യിരുന്നു. യേഹുവിന്റെ വാക്കിൽ അവളുടെ അംഗരക്ഷകർ കിളിവാതലിൽ കൂടി വലിച്ചെറിഞ്ഞവളുടെ ചിതറിയ ദേഹം നായ്ക്കൾ തിന്നു. എന്നാൽ അവൾ കൊല്ലു മെന്നു പറഞ്ഞ ദൈവദാസനെ അവന്റെ പ്രവർത്തി തീർന്നപ്പോൾ ദൈവം മടക്കി സ്വർഗ്ഗത്തിലേക്ക് എടുത്തു കൊണ്ടുപോയി. ഈ ലോകത്തിൽ നാം ആയിരിക്കു മ്പോൾ ചെയ്യേണ്ടത് ചെയ്യുവാൻ അനുവദിച്ചിട്ടേ അവൻ നമ്മെ മടക്കി വിളിക്കുകയു ള്ളു. ദൈവം അതിനായി നിങ്ങളെ ഒരുക്കട്ടെ.

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind